64

# കർത്താവിന്നു വേണ്ടി സാഹസത്തിനു തുനിയുക

## (21:1-17)

ഒരവസരത്തിൽ ഞാൻ ഭാവിയെ നോക്കിക്കാണാൻ എനിക്കു കഴിയും എന്നു വിചാരിച്ചു; എന്നാൽ പുനരാലോചനയിൽ, അത്തരം കഴിവ് നേട്ടത്തേക്കാൾ ബാധ്യതയായി തീരാനിടയുണ്ട് എന്നു തീരുമാനിച്ചു. എന്റെ ജീവിതത്തിൽ വരാനിടയുള്ള ഓരോ ദു:ഖ സംഭവവും ഞാൻ അറിഞ്ഞിരുന്നെങ്കിലോ? വർത്തമാനകാല ആസ്വാദനത്തെ ഊനം വരുത്തുവാൻ അനുവദിക്കാതിരിക്കുന്നതു പ്രയാസമാണ്.

പൗലൊസ് യെരുശലേമിലേക്കു പോകാൻ ഒരുങ്ങിയപ്പോൾ, തന്റെ ഭാവിയെ സംബന്ധിച്ച ഒരു കാര്യം അവൻ തീർച്ചയായും അറിഞ്ഞിരുന്നു: മൂന്നാം മിഷണറിയാത്രയുടെ അവസാനം, കുഴപ്പമുണ്ടാകും! കൊരിന്തിൽ നിന്നു അവൻ റോമിലേക്കു ലേഖനം എഴുതിയപ്പോൾ, അവൻ തന്റെ യെരുശലേം യാത്രയെക്കുറിച്ചു പറയുകയും ഈ ആവശ്യം ഉന്നയിക്കയും ചെയ്തു: "എന്നാൽ, സഹോദരന്മാരേ, ... യെഹൂദ്യയിലെ അവിശ്വാസികളുടെ കയ്യിൽ നിന്നു എന്നെ രക്ഷിക്കേണ്ടതിന്നു, നിങ്ങൾ എനിക്കു വേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ പോരാടേണം" (റോമർ 15:30, 31). മിലേത്തോസിൽ വെച്ച് അവൻ എഫെ സ്യമൂപ്പന്മാരോട് യാത്ര പറഞ്ഞു പിരിഞ്ഞപ്പോൾ, ഇങ്ങനെ പറഞ്ഞു:

> ഇപ്പോൾ, ഇതാ, ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി, യെരുശലേമിലേക്കു പോകുന്നു, ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്നു പരിശുദ്ധാത്മാവു പട്ടണം തോറും സാക്ഷ്യം പറയുന്നതല്ലാതെ, അവിടെ എനിക്കു നേരിടുവാനുള്ളത്, ഒന്നും ഞാൻ അറിയുന്നില്ല (പ്രവൃത്തികൾ 20:22, 23).

യെരുശലേമിൽ എത്തിയപ്പോൾ തന്നെ പിടിച്ചു തടവിലാക്കാനും

കൊല്ലുവാനും വരെ സാധ്യതയുണ്ടെന്നു പൗലൊസ് അറിഞ്ഞിരുന്നു (21:13). പിന്നെ, എന്തിനാണ്, അവൻ പോയത്? പോകേണ്ടതു ദൈവേഷ്ടമാണെന്ന് അവന്നു ബോധ്യമാകയും (19:21; 20:22[1]) – അവൻ കർത്താവിന്നായി എല്ലാ സാഹസവും സഹിക്കാൻ തയ്യാറായി.

ഈ പാഠത്തിൽ, പൗലൊസ് തന്റെ യെരുശലേമിലേക്കുള്ള യാത്ര പൂർത്തിയാക്കുമ്പോൾ പട്ടണത്തിലേക്ക് അടുക്കുന്തോറും അവന്നു പിരിമുറുക്കം കൂടി വന്നു എന്നു പഠിക്കും. നമ്മുടെ പഠനത്തിൽ, പൗലൊസ് കർത്താവിനു വേണ്ടി എല്ലാ സാഹസവും സഹിക്കാൻ തയ്യാറായത് എന്തിനു വേണ്ടിയായിരുന്നു എന്നും – നാമും അതിനു തയ്യാറാകേണ്ടതു എന്തുകൊണ്ടാണെന്നും പഠിക്കും.

## കടൽ കടന്നുള്ള കപ്പൽ യാത്ര (21:1-3)

എഫെസ്യ മൂപ്പന്മാരെ കണ്ണുനീരോടെ യാത്ര പറഞ്ഞു പൗലൊസ് പിരിഞ്ഞു പോയതാണ് കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചത്. അദ്ധ്യായം 21 തുടങ്ങുന്നതു, "അവരെ വിട്ടു പിരിഞ്ഞു നീക്കിയ ശേഷം എന്നു പറഞ്ഞു കൊണ്ടാണ്" (വാക്യം 1). ഗ്രീക്ക് വേദപുസ്തകത്തിൽ "ഞങ്ങൾ അവരിൽ നിന്നു കണ്ണുനീരോടെ വിട വാങ്ങിയ ശേഷം, നീക്കി" എന്നാണ് അക്ഷരികമായി അർത്ഥമാക്കുന്നത് (എൻ ഐ വി നോക്കുക).[2]

പൗലൊസിന്റെ സംഘത്തിലുണ്ടായിരുന്ന, ലൂക്കൊസ്, യാത്ര വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള ബുക്ക് സൂക്ഷിച്ചിരുന്നു. അവൻ രേഖപ്പെടുത്തി, "ഞങ്ങൾ നേരെ ഓടി കോസിലും പിറ്റെന്നാൾ രൊദൊസിലും അവിടം വിട്ടു പത്താരയിലും എത്തി"[3] (വാക്യം 1). ആദ്യത്തെ രണ്ടു സ്റ്റോപ്പുകളെകുറിച്ചും ലൂക്കൊസിനു വിപുലമായി വിവരിക്കാമായിരുന്നു. കോസ് ദ്വീപ് ഹിപ്പോ ക്രെയിറ്റ്സിന്റെ ജന്മ സ്ഥലവും ലോകത്തിലെ പ്രസിദ്ധ വൈദ്യപാഠശാലയുടെ ആരംഭവുമായിരുന്നു. ഹെരൊദെസ് ദ്വീപ് റോസാ കൃഷിക്കു അറിയപ്പെട്ടിരുന്നു (അങ്ങനെയാണ് ദ്വീപിന് ആ പേർ ലഭിച്ചത്) കൂടാതെ 105–അടി–ഉയരമുള്ള ഒരിക്കൽ ലോകത്തിന്റെ ഏഴു മഹാത്ഭുതങ്ങളിൽ ഒന്നായിരുന്ന – ബ്രോൺസ് കോലൊസസ് അവിടെയായിരുന്നു.[4] ലൂക്കൊസ്, എങ്ങനെയായാലും, ഒരു യാത്രാ ലഘു ലേഖ എഴുതുകയായിരുന്നില്ല. അവൻ പൗലൊസിന്റെ യെരുശലേമിലേക്കുള്ള നീക്കത്തെ, പെന്തെക്കൊസ്തിനു മുൻപു എത്തുവാൻ തിടുക്കപ്പെടുകയായിരുന്നു എന്നു പറയുകയാണ് (20:16[5]).

പൗലൊസും സംഘവും അവർ യാത്ര ആരംഭിച്ച കപ്പലിൽ തന്നെ യാത്ര തുടർന്നിരുന്നെങ്കിൽ – എല്ലാ സ്ഥലങ്ങളിലും നിർത്തി നിർത്തി പോകുന്നത് – സമയത്ത് അവർക്കു യെരുശലേമിൽ എത്തുവാൻ കഴിയുമായിരുന്നില്ല. അവർ പത്താരയിൽ എത്തിയപ്പോൾ, ഫൊയ്നിക്യയിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടിട്ടു സന്തോഷിച്ചു.[6] മദ്ധ്യധരണ്യാഴിയുടെ കിഴക്കായി, പാലസ്തീന് വടക്കായിരുന്നു ഫൊയ്നിക്യ സ്ഥിതി ചെയ്തിരുന്നത്.[7] ഫൊയ്നിക്യയിൽ നിന്നു, യെരുശലേമിലേക്കു യാത്ര ചെയ്യുന്നതു എളുപ്പമായിരുന്നു. ലൂക്കൊസ് പറഞ്ഞു, "ഫൊയ്നിക്യയിലേക്കു പോകുന്ന ഒരു കപ്പൽ കണ്ടിട്ട്, ഞങ്ങൾ അതിൽ കയറി ഓടി" (വാക്യം 2).

മുൻപു സഞ്ചരിച്ച തീരങ്ങൾ – ചുംബിക്കുന്ന കപ്പലിനു പകരം, ഈ കപ്പൽ മദ്ധ്യധരണ്യാഴി കടൽ കടന്ന്, നേരെ ഫൊയ്നിക്യയിലേക്കാണ് പോയത്.[8] പോകുന്ന വഴിയിൽ, അവർ കുപ്രൊസ് ദ്വീപിന്റെ തെക്കുമാറി ഓടി (വാക്യം 3), പത്തു വർഷം മുൻപു പൗലൊസും ബർന്നബാസും ആദ്യത്തെ മിഷണറി യാത്ര ആരംഭിച്ചത് അവിടെയാണ് (13:4). എങ്ങനെയായാലും, കപ്പൽ "സോരിൽ എത്തുവോളം" നിർത്തിയില്ല (21:3). അവിടെ ചരക്ക് "ഇറക്കുവാനാണ് നിർത്തിയത്" (വാക്യം 3).

**സോരിൽ ശോധന (21:4-6)**

സോർ ഫൊയ്നിക്യയിലെ മുഖ്യ പട്ടണവും, ലൗകിക ചരിത്ര വിദ്യാർത്ഥികൾക്കും ബൈബിൾ ചരിത്ര വിദ്യാർത്ഥികൾക്കും സുപരിചിതമായിരുന്നു. സോരിന്റെ രാജാവായിരുന്ന, ഹിരാം, ശലോമോന്റെ ദൈവാലയം പണിയുവാൻ ദേവദാരുമരവും കൊടുത്തിരുന്നു (1 രാജാക്കന്മാർ 5:10).[9] യേശു തന്റെ പ്രസംഗത്തിൽ സോരിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട് (മത്തായി 11:21) സോരും അതിനു ചുറ്റുമുള്ള സ്ഥലങ്ങളും അവൻ സന്ദർശിച്ചിട്ടുണ്ട് (മത്തായി 15:21; മർക്കൊസ് 7:24).

ശൗലും കൂട്ടരും യെരുശലേമിലെ ക്രിസ്ത്യാനികളെ ഉപദ്രവിച്ചപ്പോൾ ക്രിസ്ത്യാനികൾ അവർ ചിതറിപ്പോയി (പ്രവൃത്തികൾ 8:1–4), ചിലർ ഫൊയ്നിക്യയിലേക്കാണ് പോയത് (11:19). ഒരു പക്ഷേ, ഇക്കാലത്തായിരിക്കാം സോരിൽ സഭ സ്ഥാപിച്ചത്. വർഷങ്ങൾക്കു ശേഷം, അവൻ സുറിയയിലെ അന്ത്യോക്യയിൽ നിന്നു യെരുശലേമിലേക്കു പോയപ്പോൾ, അവൻ ഫൊയ്നിക്യ വഴിയാണ് പോയത്, "സഭ അവരെ യാത്രയയച്ചിട്ടു അവർ ഫൊയ്നിക്യയിലും ശമര്യയിലും കൂടി കടന്നു ജാതികളുടെ, ... മാനസാന്തര വിവരം അറിയിച്ചു" (15:3). ഒരു പക്ഷേ പൗലൊസ് അന്നു സോരിലെ സഹോദരന്മാരെ കണ്ടിരിക്കാം.[10]

പൗലൊസ് സഞ്ചരിച്ച കപ്പൽ മദ്ധ്യധരണ്യാഴി കടൽ കടക്കുന്നതിനു ചുരുങ്ങിയ സമയമേ എടുത്തുള്ളു (ജോൺ ക്രിസോസ്റ്റം പറഞ്ഞതനുസരിച്ചു, ആ യാത്ര അഞ്ചു ദിവസമേ എടുത്തുള്ളു). ഇപ്പോഴും പെന്തെക്കൊസ്തിനു മുൻപു യെരുശലേമിൽ എത്തേണ്ടിയിരുന്നതുകൊണ്ട്, ഇപ്പോൾ ചെലവഴിക്കുവാൻ കുറച്ചു സമയം കിട്ടി.[11] സോരിൽ ചരക്ക് ഇറക്കുവാൻ ദിവസങ്ങൾ എടുക്കുമെന്നതുകൊണ്ട്, അവനു ഉൽക്കണ്ഠ ഇല്ലായിരുന്നു. അവൻ ആ സമയം തന്റെ സഹോദരങ്ങളുമായുള്ള ബന്ധം ശക്തമാക്കുവാൻ ഉപയോഗിച്ചു. ലൂക്കൊസ് എഴുതി, "അവിടെ ശിഷ്യന്മാരെ കണ്ടെത്തി,[12] ഏഴു നാൾ അവിടെ പാർത്തു" (21:4).

മുൻപു, അവിടെ ജാതികളോടു സുവിശേഷം അറിയിച്ചപ്പോൾ അവിടെയുള്ള സഹോദരങ്ങളുമായി അവൻ ആഹ്ലാദിച്ചതായിരുന്നു; ഇപ്പോൾ അവൻ അവർക്കു പുതുമയുള്ള വിശേഷങ്ങൾ നല്കുവാനുണ്ടായിരുന്നു. ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശക്കായി അവർ കൂടി വന്നപ്പോൾ ആ പ്രത്യേക കൂട്ടായ്മയുടെ മൂർദ്ധന്യാവസ്ഥയിലെത്തി.[13]

അവർ കൂടി വന്നപ്പോൾ അവരെ അലട്ടിയിരുന്ന ഉൽക്കണ്ഠ: "അവർ പൗലൊസിനോട് യെരുശലേമിൽ പോകരുത് എന്നു ആത്മാവിനാൽ പറഞ്ഞു" (വാക്യം 4). സ്പഷ്ടമായി, സോരിലെ ഒന്നോ അതിലധികമോ

സഹോദരങ്ങൾക്കു പ്രവചനവരമുണ്ടായിരുന്നതുകൊണ്ട് അവർ പൗലൊസിനു വരാനിരിക്കുന്ന അപകടങ്ങളെ മുന്നറിയിച്ചുകൊണ്ടിരുന്നു (20:23; 21:10, 11 നോക്കുക).

പൗലൊസിന്റെ സ്ഥാനത്ത് ഞാൻ ആയിരുന്നെങ്കിൽ, ഭാവിയെക്കുറിച്ചു ചിന്തിക്കാതെ, സഹോദരങ്ങളൊത്തുള്ള ബന്ധം ആസ്വദിക്കുമായിരുന്നു. എന്നാൽ ആത്മാവ് "ബന്ധങ്ങളുടെ കഷ്ടങ്ങളും" "പട്ടണം തോറും" എനിക്കായി കാത്തിരിക്കുന്നു എന്ന മുന്നറിയിപ്പ് മറക്കാൻ അനുവദിച്ചില്ല (20:23). തന്റെ ദൗത്യ നിർവ്വഹണത്തിൽ പൗലൊസിനു പരിഹരിക്കാനുള്ളത് എന്തൊരു പരീക്ഷണമായിരുന്നു എന്നോർക്കുക!

"യെരുശലേമിൽ കാൽകുത്തരുത്" എന്ന സോരിലെ സഹോദരന്മാരുടെ താക്കീത് ശ്രദ്ധിക്കുക. രണ്ടു കാരണങ്ങൾ കൊണ്ട് – ആ പ്രത്യേക വിലക്ക് പരിശുദ്ധാത്മാവിനാൽ നല്കി എന്നു സംശയിക്കേണ്ടി വരുന്നു: (1) പൗലൊസ് എപ്പോഴും പരിശുദ്ധാത്മാവിന്റെ വിലക്ക് കേട്ടിട്ടുണ്ട് (16:6–8). പരിശുദ്ധാത്മാവ് അവനോട് യെരുശലേമിൽ പോകരുത് എന്ന് നിർദ്ദേശിച്ചിരുന്നെങ്കിൽ, പൗലൊസ് തീർച്ചയായും അതിനോടു യോജിക്കുമായിരുന്നു. (2) ദൈവിക കല്പന പ്രകാരമാണ് പൗലൊസ് യെരുശലേമിലേക്കു പോകുന്നതു,[14] അതുകൊണ്ട് ആത്മാവ് വൈരുദ്ധ്യമായി കല്പിക്കുകയില്ല. സോരിലെ സഹോദരന്മാർക്ക് പരിശുദ്ധാത്മാവ് പൗലൊസിനു വരാനിരിക്കുന്ന കഷ്ടങ്ങളെ അറിയിച്ചുകാ ണും എന്നു ഞാൻ ഊഹിക്കുന്നു, അവൻ പോകരുത് എന്നതു *അവരുടെ* തീരുമാനമായിരുന്നു.[15] ആത്മാവിന്റെ മുന്നറിയിപ്പ് *വിലക്കൽ* ആയിരുന്നില്ല പക്ഷേ *ഒരുക്കത്തിനായിരുന്നു* – യെരുശലേമിൽ പൗലൊസ് നേരിടുവാനുള്ളതിനു തയ്യാറെടുക്കുന്നതിനായിരുന്നു.

സോരിലെ ഒരാഴ്ച്ച പെട്ടെന്ന് കടന്നുപോയി. മുൻപു സഹോദരങ്ങളുമായി ഇടപഴകുവാൻ കുറച്ചു സമയമേ കിട്ടിയിരുന്നുള്ളുവെങ്കിലും, ഏഴു ദിവസ കൂട്ടായ്മക്കു ശേഷം, അവർ പിരിഞ്ഞതു ഏറ്റവും അടുത്ത സ്നേഹിതരായിട്ടാണ്. അങ്ങനെ അതു എപ്പോഴും ദൈവത്തിന്റെ ഭവനമായി തീർന്നു.[16] വിട്ടു പിരിയുന്ന രംഗം മിലേത്തൊസിലെ കണ്ണുനീരോടെ വിട പറയുന്നതുപോലെ സ്മരിക്കത്തക്കതായിരുന്നു:

> അവർ എല്ലാവരും, സ്ത്രീകളും കുട്ടികളോടും,[17] ആയി പട്ടണത്തിനു പുറത്തോളം വന്നു കടല്ക്കരയിൽ മുട്ടുകുത്തി[18] പ്രാർത്ഥിച്ചു,[19] തമ്മിൽ യാത്ര പറഞ്ഞിട്ടു, ഞങ്ങൾ കപ്പൽ കയറി, അവർ വീട്ടിലേക്കു മടങ്ങിപ്പോയി. ഞങ്ങൾ സോർ വിട്ടു കപ്പലോട്ടം തികച്ചു പ്തൊലെമായിസിൽ എത്തി, സഹോദരന്മാരെ വന്ദനം ചെയ്തു ഒരു ദിവസം അവരോടുകൂടെ പാർത്തു[20] (21:5, 6).

പൗലൊസിനെയും തന്റെ സ്നേഹിതരേയും യാത്ര – അയക്കുവാൻ കുടുംബങ്ങൾ മുഴുവൻ വന്നിരുന്നു. കർത്താവിന്നു വേണ്ടി സകല സാഹസവും എടുക്കാൻ തയ്യാറായി പോകുന്നവനെ അവർ യാത്രയയക്കാൻ വന്നപ്പോൾ സ്ത്രീകളുടേയും, പുരുഷന്മാരുടേയും, കുട്ടികളുടേയും കണ്ണുകളിൽ നിന്നു കണ്ണുനീർ വന്നു.

## കൃപയുള്ളവരാൽ വന്ദനം ചെയ്യപ്പെട്ടു (21:7)

സോരിൽ നിന്നു, ഫൊയ്നികയുടെ തെക്കുഭാഗത്തെ തുറമുഖം, പത്തുമൈൽ വടക്കുമാറി കർമ്മേൽ പർവ്വതത്തിനടുത്തേക്കാണ്, യാത്ര ചെയ്തത്.[21] പ്തൊലൊമായിസ്, എന്ന റോമൻ കോളനി, പഴയനിയമകാലത്ത് അറിയപ്പെട്ടിരുന്നത് "അക്കോ"[22] എന്നായിരുന്നു (ന്യായാധിപന്മാർ 1:31). പിന്നീട്, മിസ്രയിമിലെ പ്റ്റോളമി II അതിന്റെ പേർ മാറ്റി. സോരിലേതു പോലെ, ഒരു പക്ഷേ ഒരു ചെറിയ ഇടവക (11:19), ആ പട്ടണത്തിൽ കൂടിവരുവാൻ ആരംഭിച്ചിരിക്കാം.

ലൂക്കൊസ് രേഖപ്പെടുത്തി: "ഞങ്ങൾ സോർ വിട്ട് കപ്പലോട്ടം തികച്ചു,[23] പ്തൊലെമായിസിൽ എത്തി; സഹോദരന്മാരെ വന്ദനം ചെയ്തു, ഒരു ദിവസം അവരോടുകൂടെ പാർത്തു" (വാക്യം 7). പൗലൊസിന്റെ കപ്പൽ പ്തൊലെമായിസിൽ എത്തിയപ്പോൾ ആ സഹോദരങ്ങൾ അവിടെ കാത്തിരുന്നു എന്നാണ് വ്യക്തമാകുന്നത്[24] – അവർ യാത്ര ചെയ്തു വന്നവരെ വീട്ടിലേക്കു ക്ഷണിച്ചു കൊണ്ടുപോയി.

21:1–17 വരെയുള്ള ഭാഗത്തെ മുഖ്യ വിഷയം പൗലൊസ് കർത്താവിനു വേണ്ടി എല്ലാ സാഹസവും സഹിക്കാൻ തയ്യാറായി എന്നാണ്, ചെറിയ വിഷയം ആദിമ ക്രിസ്ത്യാനികൾ ഒരുമിച്ചുകൂടുവാൻ ഇഷ്ടപ്പെട്ട വിധമാണ്. പ്രവർത്തികൾ 20 ഉം 21 ഉം വായിച്ചപ്പോൾ, പൗലൊസ് ഓരോ പട്ടണത്തിലും സഹോദരന്മാരെ അന്വേഷിച്ചിരുന്നത് എനിക്കിഷ്ടമായി. സഹോദരന്മാരുടെ അതിഥി സൽക്കാരവും എനിക്കിഷ്ടമായി. ഒമ്പതോ അതിലധികമോ സഹോദരന്മാർ[25] അപ്രതീക്ഷിതമായി വരുന്നതു അവർ ഒരു ശിക്ഷ ചുമുത്തലായി കണക്കാക്കിയിരുന്നില്ല. പ്തൊലെമായിസിലെ സഹോദരന്മാർ, "നിങ്ങൾ ഞങ്ങളെ കർത്താവിൽ വിശ്വസ്തർ എന്നു ഏല്ക്കുന്നുവെങ്കിൽ, വന്നു ഞങ്ങളുടെ വീട്ടിൽ പാർക്ക" എന്ന് അവർ ശഠിക്കുന്നതു എനിക്ക് ഊഹിക്കാൻ കഴിയും (16:15 നോക്കുക).[26]

സോരിലെയും പ്തൊലെമായിസിലേയും സഹോദരങ്ങളുടെ കരുണാപൂർവ്വമുള്ള അതിഥി സൽക്കാരത്തെ ഞാൻ അനുമോദിക്കുന്നു പൗലൊസ് പങ്കെടുത്ത ഉപദ്രവഫലമായി രൂപപ്പെട്ട സഭകളെ ഞാൻ പരിഗണിക്കുമ്പോൾ അവരുടെ കരുണയെ പ്രത്യേകമായി ഞാൻ പ്രശംസിക്കുന്നു (8:1–4; 11:19). മുൻപ് തങ്ങളെ ഉപദ്രവിച്ചവൻ തങ്ങളുടെ വാതിൽക്കൽ വന്നപ്പോൾ, അവർ മുൻപു തങ്ങളോട് പെരുമാറിയത് ഇപ്പോഴുള്ള കൂട്ടായ്മക്കു നിഴൽ വീശുവാൻ അവർ അനുവദിച്ചില്ല. അവർ പൗലൊസിനെയും സ്നേഹിതരേയും സ്വീകരിച്ചു.

മറ്റു ക്രിസ്ത്യാനികളുമായി ബന്ധപ്പെടുവാൻ സാധിക്കുന്നു എന്നതാണ് ക്രിസ്ത്യാനിയാകുന്നതിന്റെ അനുഗ്രഹങ്ങളിൽ ഒന്ന്. ക്രിസ്ത്യാനികൾ സഞ്ചരിക്കുമ്പോൾ "സഹോദരന്മാരെ അന്വേഷിക്കുന്നില്ലെ ങ്കിൽ" അവർ, അനേക അനുഗ്രഹങ്ങൾ കവർന്നെടുക്കുകയാണ്!

നമ്മുടെ വേദഭാഗത്തിൽ, മുഖ്യവിഷയവും ചെറിയ വിഷയവും പരസ്പരം വേർതിരിക്കാവുന്നതല്ല. പൗലൊസ് കർത്താവിനു വേണ്ടി എല്ലാ സാഹസവും സഹിക്കാൻ ഒരുങ്ങിയതു താൻ സഹോദരന്മാരെ സ്നേഹിച്ചതുകൊണ്ടാണ്. യെഹൂദന്മാർക്കും ജാതികൾക്കും ഇടയിലെ അകൽച്ചാ സമ്മർദ്ദം കുറക്കുന്നതിനു വേണ്ടിയായിരുന്നു അവൻ യെരുശലേമിൽ

പോകാൻ തയ്യാറായത് (റോമർ 15:22–33). യേശുവിനെ പോലെ, അവൻ "സ്നേഹിതന്മാർക്കു വേണ്ടി തന്റെ ജീവനെ വെച്ചു കൊടുപ്പാൻ തയ്യാറായി" (യോഹന്നാൻ 15:13).

### കൈസര്യയിൽ ദു:ഖിച്ചു (21:8-14)

പ്തൊലെമായിസിലെ ഒരു ദിവസശേഷം, പൗലൊസും കൂട്ടരും തെക്കോട്ടു കൈസര്യയിലേക്ക് നീങ്ങി (വാക്യം 8),[27] അതു പാലസ്തീനിലെ മുഖ്യതുറമുഖമായിരുന്നു,[28] അവിടെയായിരുന്നു പത്രൊസ് ആദ്യം ജാതികളോടു സുവിശേഷം പ്രസംഗിച്ചത് (അദ്ധ്യായങ്ങൾ 10 ഉം 11 ഉം).[29] പട്ടണത്തിനു ഇതിന്നു പുറമെ പ്രാധാന്യം വന്നുചേർന്നതു, പൗലൊസ് അവിടെ രണ്ടു വർഷം തടവിലായിരുന്നപ്പോഴാണ് (23:31–35; 24:27). ഈ സംഭവ സമയത്ത്, എങ്ങനെയായാലും, പൗലൊസ് യെരുശലേമിൽ എത്തുന്നതിനുമുൻപു അവസാനം ഇറങ്ങിയതു കൈസര്യയിലായിരുന്നു.

കൈസര്യ യെരുശലേമിൽ നിന്നു അറുപതുമൈലിലും അല്പം കൂടെ ദൂരവും, രണ്ടു - ദിവസത്തെ യാത്രയും ഉണ്ടായിരുന്നു. പല ദിവസങ്ങളോളം പൗലൊസ് ആ പട്ടണത്തിൽ പാർത്തു (21:10[30]), യെരുശലേമിൽ പെന്തെക്കൊസ്ത് ആഘോഷിക്കുന്നതു വരെ അവന്റെ യാത്രയിൽ ഏറ്റവും ശ്രദ്ധേയനായ ഒരാൾ അവനു ആതിഥേയം അരുളി. ലൂക്കൊസ് പറഞ്ഞു, "ഞങ്ങൾ ... പുറപ്പെട്ടു കൈസര്യയിൽ എത്തി; ഏഴുവരിൽ ഒരുവനായ,[31] ഫിലിപ്പൊസ് എന്ന സുവിശേഷകന്റെ വീട്ടിൽ ചെന്നു, അവനോടുകൂടെ പാർത്തു" (വാക്യം 8).

"ഫിലിപ്പൊസ് എന്ന സുവിശേഷകനെ" നാം ആദ്യം കണ്ടതു 6-ാം അദ്ധ്യായത്തിൽ, മേശയിൽ ശുശ്രൂഷ ചെയ്യുവാൻ ഏഴുപേരെ തിരഞ്ഞെടുത്തതിൽ ഒരാളായിരുന്നു അവൻ (6:1–6). ക്രിസ്ത്യാനികളെ യെരുശലേമിൽ നിന്നു ഓടിച്ചപ്പോൾ, അവൻ വടക്കു ശമര്യയിലേക്കു സുവിശേഷം പ്രസംഗിക്കുവാൻ പോയി (8:4–13). പിന്നെ, അവൻ തെക്കോട്ട് യാത്ര ചെയ്തു ഐത്യോപ്യൻ ഷണ്ഡനോട് സുവിശേഷം അറിയിച്ചു (8:26–39). അടുത്തതായി അവൻ വടക്കോട്ട് പാലസ്തീനിന്റെ തീരത്തു "എല്ലാ പട്ടണങ്ങളിലും സുവിശേഷം അറിയിച്ചുകൊണ്ടു, കൈസര്യയിൽ എത്തി" (8:40). വ്യക്തമായി, തന്റെ കുടുംബ ജീവിതം അവിടെ ആരംഭിച്ച്, കുടുംബം കൈസര്യയിലായി തീർന്നു.[32]

ഫിലിപ്പൊസിനെ "സുവിശേഷകൻ"[33] എന്നു വിളിക്കാൻ കാരണം അതായിരുന്നു അവന്റെ മുഖ്യ ഉദ്ദേശം. "സുവിശേഷകൻ" എന്ന വാക്ക് മൂന്നു പ്രാവശ്യം പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നതിൽ ഒന്നാണിത് (എഫെസ്യർ 4:11; 2 തിമൊഥെയൊസ് 4:5 ഉം നോക്കുക). "ഗോസ് പെൽ" എന്ന ഗ്രീക്ക് വാക്കിന്റെ വ്യത്യസ്ത രൂപമാണ് "ഇവാഞ്ചെലിസ്റ്റ്" എന്നത്. ആ വാക്കിന്റെ അക്ഷരിക അർത്ഥം "ഗോസ്പെൽ - എസർ" - മറ്റൊരു വാക്കിൽ, "സുവാർത്ത പ്രഖ്യാപിക്കുന്നവൻ" എന്നാണ്.[34] ഈ വാക്കിന്റെ ക്രിയാരൂപം പ്രവൃത്തികൾ 8:40–ൽ കാണാം, അവിടെ ഫിലിപ്പൊസ് "എല്ലാ പട്ടണങ്ങളിലും *സുവിശേഷം പ്രസംഗിച്ചു* കൊണ്ടിരുന്നു."

ഫിലിപ്പൊസ് പൗലൊസിന്റെ ഏറ്റവും ശ്രദ്ധേയനായ ആതിഥേയൻ ആയിരുന്നു കാരണം ആരെയെങ്കിലും അവിശ്വസിക്കുകയോ പൗലൊ

സിനെ വെറുക്കുകയോ ചെയ്യുമായിരുന്നെങ്കിൽ, അതു ഫിലിപ്പൊസ് ആയിരുന്നു. അവൻ സ്തെഫൊനൊസിന്റെ സഹപ്രവർത്തകൻ ആയിരുന്നു (6:5), പൗലൊസ് ക്രിസ്ത്യാനിയാകുന്നതിനു മുൻപ് അവനെ കൊല്ലുവാൻ കൂട്ടുനിന്നതായിരുന്നു. പൗലൊസ് നിമിത്തം യെരുശലേം വിട്ടു ഓടിപ്പോയവരിൽ ഒരാളായിരുന്നു ഫിലിപ്പൊസ് (8:1–5). വീണ്ടും, പൗലൊസിനെയും കൂട്ടരെയും ഫിലിപ്പൊസ് ക്ഷണിച്ചതുകൊണ്ട്, ഇവിടെ ക്രിസ്തീയ കരുണ കാണുന്നു.

വാക്യം 9-ൽ ലൂക്കൊസ് ഫിലിപ്പൊസിനെക്കുറിച്ച് ഒരു ജീവചരിത്ര കുറിപ്പ് എഴുതുന്നു: "അവന്നു കന്യകമാരും[35] പ്രവചിക്കുന്നവരുമായ നാലു പുത്രിമാർ ഉണ്ടായിരുന്നു" പത്രൊസിന്റെ പെന്തെക്കൊസ്തു നാളിലെ പ്രസംഗത്തിൽ, പത്രൊസ് യോവേൽ 2 ഉദ്ധരിച്ച്, അവിടെ ദൈവം വാഗ്ദാനം ചെയ്തിരുന്നതു പറഞ്ഞു, "... അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും, ..." (പ്രവൃത്തികൾ 2:17). "പ്രവചിക്കുക" എന്നാൽ ദൈവശ്വാസിയമായി ദൈവത്തിനുവേണ്ടി സംസാരിക്കുക എന്നർത്ഥം;[36] പ്രവചനവരം പുരുഷന്മാർക്കും സ്ത്രീകൾക്കും നല്കാമായിരുന്നു (1 കൊരിന്ത്യർ 11:4, 5). അതു അപ്പൊസ്തലന്മാരുടെ കൈവെപ്പിനാൽ ലഭിച്ചിരുന്നു. ഈ വരം സ്ത്രീകൾ പരസ്യമായി സഭായോഗത്തിൽ ഉപയോഗിക്കരുതായിരുന്നു (1 കൊരിന്ത്യർ 14:23, 31–37) (അതായതു, അവർ പ്രസംഗിക്കരുത്[37]), എന്നാൽ ആ വരം അതീവ രഹസ്യമായി ഉപയോഗിക്കണമായിരുന്നു.

ഫിലിപ്പൊസിന്റെ പുത്രന്മാരുടെ വിശദാംശങ്ങൾ എന്തിനാണ് ലൂക്കൊസ് നല്കിയത്?[38] ചിലർ കരുതുന്നതു പൗലൊസിന്നു യെരുശലേമിൽ വരുവാനിരുന്ന കഷ്ടങ്ങളെ അവരായിരുന്നു ഉറപ്പിച്ചത് എന്നായിരുന്നു. വേറെ ചിലർ ചിന്തിക്കുന്നത്, ആദ്യ ക്രിസ്തീയ എഴുത്തുകാർ സൂചിപ്പിച്ചതനുസരിച്ച്, ഇവരിൽ പല പുത്രിമാരും സഭയുടെ പ്രാരംഭ ചരിത്രം നല്കിയതിന്റെ ഉറവിടമായി മാറി, സഭയിൽ അറിയപ്പെടുന്നവരായിതീർത്തു എന്നാണ്. അവർ പിന്നെ കരുതുന്നത് ലൂക്കൊസിന്റെ ക്രിസ്തുവിനെക്കുറിച്ചും സഭയെക്കുറിച്ചും ഉള്ള രണ്ടുവാല്യത്തിന്റെയും ഉറവിടം ഇവരായിരുന്നു എന്ന് (ലൂക്കൊസ് 1:3).[39]

ഫിലിപ്പൊസിന്റെ വീട്ടിൽ പൗലൊസ് താമസിച്ചപ്പോൾ, വരുവാനുള്ളതു ഓർപ്പിക്കുന്ന ആ സമാധാനം വീശാൻ തുടങ്ങി. ഇതു മറ്റെല്ലാറ്റിനേക്കാളും നാടകീയമായിരുന്നു. "ഞങ്ങൾ അവിടെ വളരെ ദിവസം പാർത്തിരിക്കുമ്പോൾ, അഗബൊസ് എന്ന ഒരു പ്രവാചകൻ യെഹൂദ്യയിൽ നിന്നു വന്നു" (പ്രവൃത്തികൾ 21:10). "അഗബൊസ്" ഒരു സാധാരണ പേരായിരുന്നില്ല, അതുകൊണ്ട് മുൻപു യെരുശലേമിൽ വെച്ചു അഗബൊസ് എന്നു പേരുള്ളൊരുവൻ "എഴുന്നേറ്റു ലോകത്തിൽ ഒക്കെയും മഹാക്ഷാമമുണ്ടാകും എന്നു ആത്മാവിനാൽ പ്രവചിച്ചു" പറഞ്ഞവൻ ഇവൻ ആയിരിക്കും (11:28). ഈ സമയത്ത് അവൻ ലോകവിപത്തിനെയല്ല, വ്യക്തിപരമായ വിപത്തിനെയാണ് – പൗലൊസിന്; അറിയിച്ചത്. പഴയ നിയമ പ്രവാചകനെ പോലെ, തന്റെ വാക്കുകൾ വീണ്ടും ശക്തമാക്കി ഒരു പാഠ്യവസ്തുവായി വരച്ചു കാണിച്ചു.[40]

> അവൻ ഞങ്ങളുടെ അടുക്കൽ വന്നു, പൗലൊസിന്റെ അരക്കച്ച[41] എടുത്തു തന്റെ കൈകാലുകളെ കെട്ടി, “ഈ അരക്കച്ചയുടെ ഉടമസ്ഥനെ യെഹൂദന്മാർ യെരുശലേമിൽ: ‘ഇങ്ങനെ കെട്ടി ജാതികളുടെ കയ്യിൽ ഏല്പിക്കും എന്നു പരിശുദ്ധാത്മാവു പറയുന്നു എന്നു പറഞ്ഞു’” (21:11).

വരുവാനിരിക്കുന്ന പാഠങ്ങളിൽ, ഈ പ്രവചന നിറവേറൽ നാം കാണും. ജാതികളുടെ കയ്യിൽ ഏല്പിക്കണം എന്ന *ഉദ്ദേശത്തോടെയാ*യിരുന്നില്ല യെഹൂദന്മാർ പൗലൊസിനെ ബന്ധിച്ചത്. അവർ പൗലൊസിനെ, വ്യക്തിപരമായി കൊല്ലുവാനാണ് ആഗ്രഹിച്ചത്, എന്നാൽ ജാതികൾ (അതായതു, റോമാ പടയാളികൾ) പുരുഷാരത്തിൽ നിന്നു മോചിപ്പിക്കയായിരുന്നു. പ്രവചിച്ച വാക്കുകളുടെ അർത്ഥം, അതുകൊണ്ട്, യെഹൂദന്മാർ പൗലൊസിനെ ബന്ധിച്ചതിന്റെ *ഫലമായി* അവൻ ജാതികളുടെ കൈകളിലേക്കു മാറുകയായിരുന്നു. ഇതു ഇങ്ങനെയാണെങ്കിൽ, പിന്നെ ലൂക്കൊസ് എന്തിനാണ് ആ പദപ്രയോഗം നടത്തിയത്? ഒരു പക്ഷേ, യേശുവിനു യെരുശലേമിൽ എന്തു സംഭവിക്കുമെന്ന പ്രവചനവും പൗലൊസിനു എന്തു സംഭവിക്കുമെന്ന പ്രവചനവും തമ്മിൽ ഒരു സമാനത വരുത്തുകയായിരിക്കാം ചെയ്തത് (ലൂക്കൊസ് 18:32).

അഗബൊസ് എത്തുന്നതിനു മുൻപു, ലൂക്കൊസും പൗലൊസിന്റെ മറ്റു കൂട്ടുകാരും പൗലൊസ് യെരുശലേമിൽ പോകരുത് എന്ന മുന്നറിയിപ്പിനോട് യോജിച്ചില്ല. എങ്ങനെയായാലും, അവർ യെരുശലേമിനോടു അടുക്കുന്തോറും കൂടുതൽ എളുപ്പത്തിൽ കാര്യങ്ങൾ ഗ്രഹിക്കാൻ തുടങ്ങി. ഏതാണ്ട് അറുപതു മൈലോളം അകലെയാണിപ്പോൾ യെരുശലേം, അഗബൊസിന്റെ നാടകീയ അറിയിപ്പ് അവരെ വക്കിലേക്ക് തള്ളിയിരുന്നു. ലൂക്കൊസും മറ്റു സ്നേഹിതരും യോജിച്ചു, അപേക്ഷിക്കയാണ്, “പോകരുത്! പോകരുത്!” ലൂക്കൊസ് സമ്മതിക്കയുണ്ടായി, “ഇതു കേട്ടാറെ, യെരുശലേമിൽ പോകരുത് എന്നു ഞങ്ങളും അവിടത്തുകാരും അപേക്ഷിച്ചു” (പ്രവൃത്തികൾ 21:12). അവർ തർക്കിച്ചതു എനിക്കു ഊഹിക്കാം, “ഇനി വെറും രണ്ടു ദിവസയാത്രയേ യെരുശലേമിലേക്കുള്ളു. നമുക്കു ധർമ്മശേഖരം എടുക്കാം. നീ അപകടത്തിൽ ചെന്നു ചാടരുത്!” മതിയായ ശ്രദ്ധ അവർ മുന്നറിയിപ്പിനു കൊടുത്തില്ല. “പൗലൊസ് യെരുശലേമിൽ പോയാൽ, ഇതാണ് സംഭവിക്കുന്നതു.” എന്നു പരിശുദ്ധാത്മാവു പറഞ്ഞില്ല, മറിച്ച്, ഫലത്തിൽ, പരിശുദ്ധാത്മാവു പറഞ്ഞത്, “ഇതാണ് സംഭവി*ക്കാൻ* പോകു*ന്നത്*” എന്നാണ്. അവർ പോകരുതെന്നു പൗലൊസിനോട് അപേക്ഷിച്ചപ്പോൾ, അവർ അവനോട് ദൈവത്തെ ഭോഷ്ക്ക് പറയുന്നവനാക്കുവാൻ പറയുകയായിരുന്നു.

തന്നെ സ്നേഹിച്ച സഹോദരന്മാരാൽ ചുറ്റപ്പെട്ടിരുന്നു പൗലൊസ്, ഓരോ ശബ്ദവും അവനോട് പോകരുത് എന്നു യാചിച്ചുകൊണ്ടിരുന്നു. തന്റെ പ്രിയ ലൂക്കൊസും കണ്ണുനീരോടെ അവനോടു യാചിച്ചു; കേണപേക്ഷിക്കുന്ന കണ്ണുകളോടെ തിമൊഥെയൊസ് നോക്കി. വിസമ്മതിച്ച ഒരു ശബ്ദവുമുണ്ടായില്ല. അതു അപ്പൊസ്തലനു സഹിക്കാവുന്നതിനപ്പുറമായിരുന്നു. കൂട്ടക്കരച്ചിലിനുമുകളിൽ പൗലൊസ് ഉച്ചത്തിൽ: “നിങ്ങൾ

കരഞ്ഞു, എന്റെ ഹൃദയം ഇങ്ങനെ തകർക്കുന്നത് എന്ത്? കർത്താവായ യേശുവിന്റെ നാമത്തിനു വേണ്ടി ബന്ധിപ്പിക്കപ്പെടുവാൻ മാത്രമല്ല, യെരുശലേമിൽ മരിപ്പാനും[42] ഞാൻ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞു" (വാക്യം 13) "ബ്രേക്കിങ്ങ്" എന്നതു ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതാണ് അർത്ഥം "ഇടിച്ചു പൊടിക്കുക" എന്നാണ്. അവർ നിർത്തിയില്ലെങ്കിൽ, അവർ അവന്റെ തീരുമാനത്തെ നശിപ്പിക്കും.

പൗലൊസിനു താൻ ദൈവത്തോടു എടുത്ത സമർപ്പണത്തിൽ നിന്നു പുറകോട്ടു തിരിയുവാനെടുത്ത ഏക സന്ദർഭം ഇതായിരിക്കാം – ഇതിനു കാരണം ആ സമർപ്പണം പാലിക്കരുതെന്ന് തന്റെ സ്നേഹിതന്മാർ അപേക്ഷിച്ചതാണ്. അവർ അതു മോശമായ ഉദ്ദേശത്താൽ ചെയ്തതല്ല; അവർ പൗലൊസിനെക്കുറിച്ചു കരുതിയതുകൊണ്ടാണ്. പൗലൊസ്, എങ്ങനെയായാലും, ദൈവത്തിന്റെ ഉദ്ദേശങ്ങളെയും കുറിച്ചു കരുതിയിരുന്നു.

കർത്താവിന്നു വേണ്ടി നിങ്ങൾ സാഹസപ്പെടുന്നുവെങ്കിൽ (നിങ്ങളിൽ അനേകരും അങ്ങനെയായിരിക്കും), നിങ്ങളുടെ കൂട്ടുകാർ നിങ്ങൾക്കു ഭ്രാന്താണെന്നു പറഞ്ഞു നിങ്ങളുടെ സമർപ്പണത്തെ നിരാകരിക്കാൻ അപേക്ഷിക്കും. ലൂക്കൊസും തിമൊഥെയൊസും പൗലൊസിനോടു എങ്ങനെയായിരുന്നോ അങ്ങനെയായിരിക്കും ഇവരിൽ ചില സ്നേഹിതന്മാർ. ചില ചെറുപ്പക്കാർ അവരുടെ നല്ല – അർത്ഥത്തിൽ സ്നേഹിച്ചിരുന്ന സ്നേഹിതന്മാർ തടയുന്നതു വരെ പ്രസംഗിക്കാൻ താല്പര്യപ്പെട്ടിരുന്നതായി എനിക്കറിയാം. വിവാഹ ജീവിതത്തിൽ ഉണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ച ചില സ്ത്രീ പുരുഷന്മാർ തങ്ങളുടെ സ്നേഹിതൻ "ഇങ്ങനെ മാനഹാനി സഹിക്കേണ്ട ആവശ്യമില്ല" എന്നു ശഠിച്ചതുകൊണ്ട് പിൻമാറിയതായി എനിക്കറിയാം. തങ്ങളുടെ സ്നേഹിതന്മാർ പിന്തിരിപ്പിക്കുന്നതുവരെ മറ്റു രാജ്യങ്ങളിൽ പോയി സുവിശേഷം പ്രസംഗിക്കണമെന്ന ഹൃദയഭാരമുണ്ടായിരുന്ന പുരുഷന്മാരെ എനിക്കറിയാം. ഈ സ്നേഹിതന്മാരിൽ മിക്കവരും മോശമായ ലക്ഷ്യം വെച്ചല്ല അങ്ങനെ ചെയ്തത്; അവർ തങ്ങൾ സ്നേഹിച്ചവരെക്കുറിച്ചുള്ള കരുതൽ കൊണ്ടാണ് അങ്ങനെ ചെയ്തത് അവർ മനസ്സിലാക്കാതിരിക്കുന്നതെന്തെന്നാൽ ക്രിസ്ത്യാനിയുടെ വ്യക്തിപരമായ ക്ഷേമത്തേക്കാൾ പ്രാധാന്യമാണ് കർത്താവിനോടുള്ള സമർപ്പണം എന്നതാണ്. നിങ്ങൾ ദൈവത്തോട് ഒരു സമർപ്പണം നടത്തുമ്പോൾ, അതിൽ സാഹസം ഉൾപ്പെടുന്നുണ്ട്, നിങ്ങളെ ദൈവകരങ്ങളിൽ ഏല്പി ക്കയും ഫലം ദൈവത്തിൽ വിടുകയും വേണം. നിങ്ങളുടെ തീരുമാന ത്തെ ബലഹീനമാക്കുവാൻ സ്നേഹിതരെ അനുവദിക്കരുത്.[43]

നിങ്ങൾ കർത്താവിന്നു വേണ്ടി സകല സാഹസത്തിനും തുനിയുമ്പോൾ, സ്നേഹിതർക്കു നിങ്ങളെ പിന്തിരിപ്പിക്കാൻ സാധ്യമല്ല, അതു നമ്മുടെ വേദഭാഗക്രമം പോലെയായിരിക്കും. ലൂക്കൊസും ശേഷമുള്ളവരും "അവനെ സമ്മതിപ്പിച്ചു കൂടായ്കയാൽ," "അവർ വിട്ടുകളഞ്ഞു" (എൻ.ഐ.വി) ദൈവേഷ്ടം നടക്കട്ടെ എന്നു പറഞ്ഞു ഞങ്ങൾ മിണ്ടാതിരുന്നു അവർക്കു ആദ്യം തന്നെ പറയാമായിരുന്നു: "ദൈവേഷ്ടം നടക്കട്ടെ!" എന്ന് [44] (വാക്യം 14).

തന്റെ മക്കൾ വിശന്നിരിക്കണമെന്നോ രോഗിയായിരിക്കണമെന്നോ അല്ലെങ്കിൽ കഷ്ടം സഹിക്കണമെന്നോ എന്നതു ദൈവേഷ്ടമല്ല എന്നാണ് ചിലർ പഠിപ്പിക്കുന്നത്, എങ്കിലും പൗലൊസ് യെരുശലേമിൽ പോകുമ്പോൾ കഷ്ടത അവന്നായി കാത്തിരിക്കുന്നു എന്നായിരുന്നു ദൈവം പറഞ്ഞത്. ചിലപ്പോൾ ഉയർന്ന ഉദ്ദേശത്തിനായി വ്യക്തിപരമായ സുഖം – ബലി കഴിക്കണം. പൗലൊസ് യെരുശലേമിൽ പോകുന്നതിലും തടവിലാക്കപ്പെടുന്നതിലും ദൈവത്തിന് എന്തുദ്ദേശമാണുള്ളത്? രണ്ട് ഉദ്ദേശങ്ങൾ ഞാൻ പറയട്ടെ:

ആദ്യം, പൗലൊസ് യെരുശലേമിൽ പോകുന്നത് (അപകടം ഉണ്ടെങ്കിൽ പോലും) പത്രൊസിനോട് ദൈവം മുൻപു ചെയ്ത വാഗ്ദാനം നിറവേറ്റുന്നതിനായിരുന്നു. പത്രൊസ് പൗലൊസിനോട് "ദരിദ്രരെ ഓർത്തുകൊൾക" എന്നു പറഞ്ഞിരുന്നു (അർത്ഥം യെരുശലേമിലെയും യെഹൂദ്യയിലേയും ദരിദ്രരെ), പൗലൊസ് അങ്ങനെ ചെയ്യാമെന്നു സമ്മതിക്കയും ചെയ്തിരുന്നു (ഗലാത്യർ 2:10). അവസാനം, അവൻ തന്റെ വാക്ക് പാലിക്കുവാൻ പോകുന്നു. റിമോട്ട് നിയന്ത്രണം ഉപയോഗിച്ച് ധർമ്മശേഖരം തൃപ്തികരമായി കൊണ്ടു പോകാൻ വേറെ വഴിയൊന്നുമില്ല.[45] മുൻപു പറഞ്ഞതുപോലെ, പൗലൊസ് സാഹസത്തിനു തുനിഞ്ഞത് സഹോദരങ്ങൾക്കു തമ്മിൽ *സമാധാനം* ഉണ്ടാകുന്നതിനായിരുന്നു.

രണ്ടാമത്, ഇരുപതുവർഷംമുൻപ് പൗലൊസിനോടു ചെയ്ത വാഗ്ദാനം നിറവേറുവാൻ ("ബന്ധനം" = തടവ്) പൗലൊസിനെ തടവിലാക്കേണ്ടതു ആവശ്യമായിരുന്നു. പൗലൊസിന്റെ പരിവർത്തനശേഷം, യേശു പറഞ്ഞു, "അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നൊരു പാത്രമാകുന്നു ..." (പ്രവൃത്തികൾ 9:15; എംഫസിസ് മൈൻ). രണ്ടു പതിറ്റാണ്ടുകൾ തുടർന്ന പ്രവർത്തനങ്ങളിൽ, പൗലൊസ് ആയിരക്കണക്കിനു ജാതികളിൽപെട്ടവരോട് പ്രസംഗിച്ചിട്ടുണ്ട് പക്ഷേ രാജാക്കന്മാരോടൊന്നും പ്രസംഗിച്ചിട്ടില്ല. എങ്ങനെ ആ വാഗ്ദാനം നിറവേറാൻ സാധ്യതയുണ്ട്? പൗലൊസിന്റെ പ്രസംഗം ഒരു രാജാവു വന്നു കേൾക്കുന്നതു അസംഭവ്യമാണ്, അല്ലെങ്കിൽ അവനെ രാജധാനിയിലേക്കു പ്രസംഗിക്കാൻ വിളിപ്പിക്കുന്നതും അസംഭവ്യമാണ്. പിന്നെ എങ്ങനെ യേശുവിന്റെ വാഗ്ദാനം ദൈവം നിറവേറ്റും? അവൻ പൗലൊസിനെ പിടിച്ച് തടവിലാക്കുവാൻ അനുവദിച്ചു. ഇനി വരുന്ന പാഠങ്ങളിൽ, പൗലൊസ് പല പ്രാവശ്യം രാജധാനിയിൽ ഉള്ളവരോട് പ്രസംഗിക്കുന്നതായി നാം കാണും – എല്ലായ്പ്പോഴും തടവിലാക്കി തന്റെ ജീവനു വേണ്ടി വിചാരണ ചെയ്യപ്പെടുമ്പോഴായിരുന്നു! ദൈവത്തിന്റെ വഴികൾ അതിശയകരമല്ലേ?

### യെരുശലേമിലേക്കുള്ള യാത്ര (21:15-17)

വാക്യം 15–ൽ ലൂക്കൊസ് പറഞ്ഞു, "അവിടത്തെ താമസം കഴിഞ്ഞിട്ടു [കൈസര്യയിലെ ദിവസങ്ങൾ വൈകാരികമായ ദുഷ്കര ദിവസങ്ങൾ] യാത്രക്കു കോപ്പുകൂട്ടി യെരുശലേമിലേക്കു പോയി." "ഞങ്ങൾ തയ്യാറാക്കി" എന്ന ഗ്രീക്ക് തർജ്ജിമ സൂചിപ്പിക്കുന്നത് അവരുടെ പെട്ടി

കളിൽ സാധനങ്ങൾ എല്ലാം അടുക്കി എന്നാണ്, എന്നാൽ ലൂക്കൊസും ശേഷമുള്ളവരും അവരുടെ *മനസ്സുകൾ* തയ്യാറാക്കി എന്നു അന്തർലീന മാക്കുന്നു; വരുവാനുള്ളതു നേരിടുവാൻ അവർ തങ്ങളെതന്നെ മെരുക്കി.

കൈസര്യയിൽ ഉള്ള ചില ശിഷ്യന്മാർ അവരെ അനുഗമിച്ചിരുന്നു (വാക്യം 16). ചിലപ്പോൾ ചില യെഹൂദന്മാർ പെരുന്നാളിനു പോകാൻ ആഗ്രഹിച്ചതായിരിക്കാം, എന്നാൽ അവരുടെ പ്രാഥമിക ഉദ്ദേശം പൗലൊസിനേയും ശേഷമുള്ളവരേയും "കുപ്രൊസുകാരനായ മ്നാസോൻ എന്ന,[46] ഒരു പഴയ ശിഷ്യനോടുകൂടെ,[47] അതിഥികളായി പാർക്കേണ്ടതിന്നു [ഞങ്ങളെ] അവന്റെ അടുക്കൽ കൂട്ടിക്കൊണ്ടു പോയി" (വാക്യം 16).[48] ആയിരക്കണക്കിനു യെഹൂദ തീർത്ഥാടകർ പെരുന്നാളിന് യെരുശലേമിൽ വരുന്നതുകൊണ്ട് ആ സമയത്ത് താമസത്തിനു ലോഡ്ജ് കിട്ടാനും വിഷമമായിരുന്നു. പ്രത്യേകിച്ച് യെരുശലേമിൽ ഒട്ടും ജനപ്രീതിയില്ലാതെ ഒരു മനുഷ്യനോടുകൂടിയുള്ള ഒരു സംഘത്തിന് (21:20–22, 27, 28), കൂടാതെ അവജ്ഞയോടെ വീക്ഷിക്കുന്ന ഏഴു ജാതിയിൽപെട്ടവരും.[49] മ്നാസൊനു പൗലൊസിന്റെ സംഘത്തെ സ്വീകരിക്കാൻ വലിയൊരു വീടും അവിടെ താമസിക്കാൻ ക്ഷണിക്കുവാനുള്ള ഒരു വലിയ മനസ്സും ഉണ്ടായിരുന്നു.[50] അങ്ങനെ പൗലൊസും സ്നേഹിതരും യെരുശലേമിൽ വന്നു (വാക്യം 17).

യേശു അവസാനമായി യെരുശലേമിലേക്കു പോകുന്നതിനെ ലൂക്കൊസ് വിവരിക്കുന്നതു പൗലൊസ് അവസാനമായി യെരുശലേമിലേക്കു പോകുന്നതും വിവരിക്കുന്നതിനുള്ള സമാനതകൾ അനവധി എഴുത്തുകാർ പരാമർശിച്ചിട്ടുണ്ട്. ലൂക്കൊസ് 9:51–ൽ, നാം യേശുവിനെക്കുറിച്ചു: "അവൻ യെരുശലേമിലേക്കു, ... യാത്രയാവാൻ മനസ്സു ഉറപ്പിച്ചു"[51] തനിക്കു യെരുശലേമിൽ സംഭവിപ്പാനിരിക്കുന്നതു യേശു അറിഞ്ഞിരുന്നു (ലൂക്കൊസ് 18:31–33), എന്നിട്ടും അവൻ പോയി – അതു കർത്താവിന്റെ ഇഷ്ടം എന്ന് അറിഞ്ഞു കൊണ്ട്. അതുപോലെ, പൗ ലൊസും "തന്റെ മനസ്സു യെരുശലേമിൽ പോകുവാൻ ഉറപ്പിച്ചു" അതിൽ നിന്നു പിന്തിരിഞ്ഞില്ല.

**ഉപസംഹാരം**

ഒരു പരിധിവരെ, ദൈവേഷ്ടം ചെയുന്നതിനു സാഹസം നേരിടേണ്ടിവന്നു. ദൈവം ഒരിക്കലും എളുപ്പമുള്ള കാര്യങ്ങളായിരിക്കയില്ല ചെയ്യാൻ തരുന്നത്. ക്രിസ്ത്യാനിത്വം പെട്ടെന്നു മോഹാലസ്യപ്പെടുന്നവർക്കുള്ളതല്ല. കൃത്രിമമായി സാഹസ പ്രവൃത്തികളിൽ ക്ഷീണിക്കുന്ന ആഹ്ലാദം – അന്വേഷിക്കുന്നവരെ പോലെയുമല്ല, അവസാനം, ദൈവത്തിനുവേണ്ടി സാഹസപ്പെടുവാൻ മനസ്സു വെക്കുന്നവർക്ക് അത് സാഹസമേയല്ല – കാരണം ദൈവം നമ്മെ ഒരിക്കലും ഉപേക്ഷിക്കാതെ രംഗങ്ങൾക്കു പിന്നിൽ നിന്നു പ്രവർത്തിക്കും. നാം വായിക്കുന്നു,

> അവൻ തന്നെ പറഞ്ഞു, "ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല എന്നു അവൻ തന്നേ അരുളിചെയ്തിരിക്കുന്നുവല്ലൊ," ആകയാൽ "കർത്താവു എനിക്കു തുണ, ഞാൻ

> പേടിക്കയില്ല. മനുഷ്യൻ എന്നോടു എന്തു ചെയ്യും?" എന്നു, നമുക്കു ധൈര്യത്തോടെ പറയാം (എബ്രായർ 13:5, 6).
>
> എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു (റോമർ 8:28).

പൗലൊസിനു നേരിട്ടതുപോലെ നിങ്ങളുടെ ജീവനും ഭീഷണി നേരിട്ടാൽ, ധൈര്യത്തോടെ മരണത്തെ നേരിടാം "ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും" (2 പത്രൊസ് 1:11; എൻഐവി). നിങ്ങൾ ഒരു വിശ്വസ്തക്രിസ്ത്യാനി ആണെങ്കിൽ, നിങ്ങൾക്കു നഷ്ടമാകാൻ സാധ്യമല്ല.

ഒരു മനുഷ്യനു എടുക്കാവുന്ന ഏറ്റവും ഭയാനകമായ സാഹസം എന്താണെന്ന് അറിയാമോ? ദൈവേഷ്ടം അനുസരിക്കുന്നതു നിരാകരിക്കുന്നത്! നിങ്ങളിൽ ചിലർക്ക് അറിയാം നിങ്ങൾ യേശുവിലുള്ള വിശ്വാസത്തെ ഏറ്റു പറഞ്ഞു സ്നാനപ്പെടേണ്ടവരാണ് എന്ന് – പക്ഷെ നിങ്ങളുടെ സ്നേഹിതന്മാർ അതാവശ്യമില്ലെന്ന് നിങ്ങളെ പറഞ്ഞു ധരിപ്പിച്ചിരിക്കാം, പൗലൊസിന്റെ സ്നേഹിതന്മാർ അവനോട് യെരുശലേമിൽ പോകരുത് എന്നു പറഞ്ഞതുപോലെ. നിങ്ങളുടെ ജീവിതത്തിൽ ദൈവവഴിക്കപ്പുറമായി ചലിക്കുവാൻ ആരെയും ഒരിക്കലും, നിങ്ങൾ അനുവദിക്കരുത്! നിങ്ങളുടെ നിത്യമായ ആത്മാവിനെ സാഹസപ്പെടുത്തരുത്! ഇന്നു തന്നെ കർത്താവിനെ അനുസരിക്കുക.

---

## ദൃശ്യ - സഹായ കുറിപ്പുകൾ

---

ഈ പാഠം ഒരുക്ലാസിൽ എടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഈ ആകർഷിക്ക – ത്തക്കതായ ഒന്ന് ഉപയോഗിക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടും: ഒരു ബെൽട്ട് ക്ലാസിലേക്കു കൊണ്ടു വരിക (വീതിയുള്ളതായിരിക്കും, നല്ലത്). ക്ലാസ്സ് തുടങ്ങുമ്പോൾ അതു ഉയർത്തിപ്പിടിച്ചു പറയുക, "ഇതു ഓരോരുത്തർക്കു വ്യത്യസ്തമായ ഉപയോഗത്തിനുള്ളതാണ്. ഒരു പുരുഷനു, ഇതു തന്റെ നിക്കർ അഴിഞ്ഞുപോകാതെ കെട്ടുന്നതിനുള്ളതാണ്. ഒരു കുട്ടിക്ക്, മാതാപിതാക്കളുടെ ശിക്ഷക്കുള്ളതാണ്. പൗലൊസിനു, എങ്ങനെയായാലും, ഇതു തടവിന്റെ അടയാളമായിരുന്നു!" അഗബൊസ് എങ്ങനെ ഇതു ഉപയോഗിച്ചു എന്നു കാണിക്കുക.

---

## പ്രസംഗ കുറിപ്പുകൾ

---

"പ്രവൃത്തികൾ, 2–൨൦" ലക്കത്തിലെ "നിങ്ങൾ എന്തിനു വേണ്ടിയാണ് മരിക്കുന്നത്?" എന്ന പാഠം ഉപയോഗിച്ചിട്ടില്ലെങ്കിൽ, ഈ പഠനവുമായ ബന്ധത്തിൽ ഈ "നിങ്ങൾ എന്തിനുവേണ്ടി മരിക്കാൻ ഒരുങ്ങുന്നു?"

എന്ന പാഠം ഉപയോഗിക്കാം വർഷങ്ങളായി ആളുകൾ മഹത്തായ കാരണങ്ങൾക്കായി (മഹത്തല്ലാത്ത കാരണങ്ങൾക്കും) മരിക്കാൻ തയ്യാറായിട്ടുണ്ട്. സഹോദരങ്ങൾക്കിടയിൽ സമാധാനം ഉണ്ടാകുവാനാണ് പൗലൊസ് മരിക്കാൻ തയ്യാറായത്. നിങ്ങളുടെ കേൾവിക്കാരോട് ചോദിക്കുക, "*നിങ്ങൾ* എന്തിനു വേണ്ടിയാണ് മരിക്കാൻ ഒരുങ്ങുന്നത്?"

---

കുറിപ്പുകൾ

[1]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ഉപദേഷ്ടാക്കന്മാർക്കും, മൂപ്പന്മാർക്കും, മറ്റു പാപികൾക്കും ഉള്ള ഒരു പ്രസംഗം" എന്നതിലെയും "ക്രിസ്ത്യാനിത്വം പണസഞ്ചിയെ തട്ടുമ്പോൾ" എന്നതിലേയും പ്രവൃത്തികൾ 19:21 ന്റെയും 20:22 ന്റേയും നോട്ടുകൾ നോക്കുക. [2]പൗലൊസിനെ പറ്റി ചിലപ്പോൾ കർക്കശക്കാരനും, താല്പര്യമില്ലാത്തവനും എന്നു ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ യോഗ്യതകൾ ഉള്ളവനാണെങ്കിൽ പൗലൊസ് ഹൃദയങ്ങളെ ചലിപ്പിച്ചതു പോലെ ചലിപ്പിക്കാൻ കഴിയുന്നതല്ല. [3]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "പൗലൊസിന്റെ മൂന്നാം മിഷണറിയാത്ര" യുടെ പടം നോക്കുക. [4]പൗലൊസ് സന്ദർശിച്ചപ്പോഴേക്കും, ഒരു ഭൂമികുലുക്കത്താൽ ആ പ്രതിമ ഉടഞ്ഞു പോയിരുന്നു, എന്നാൽ ആ അവശിഷ്ട മനോഹര ദൃശ്യം അപ്പോഴും ആളുകളെ ആകർഷിച്ചിരുന്നു. [5]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ഉപദേഷ്ടാക്കന്മാർക്കും, മൂപ്പന്മാർക്കും, മറ്റു പാപികൾക്കുമുള്ള ഒരു പ്രസംഗം" എന്നതിലെ പ്രവൃത്തികൾ 20:16 ന്റെ നോട്ടുകൾ നോക്കുക. [6]അവർ സാധാരണയാത്ര ചെയ്തിരുന്നതിനേക്കാൾ വളരെ വലിയ കപ്പൽ ആയിരുന്നേക്കാം. പിന്നീട് ഇതിലെ സാധനങ്ങൾ ഇറക്കുവാൻ ഏഴു ദിവസം വേണ്ടി വന്നിട്ടുണ്ട് (വാക്യങ്ങൾ 3-6). [7]"പ്രവർത്തികൾ, 4-ാം" ലക്കത്തിലെ "പൗലൊസിന്റെ മൂന്നാം മിഷണറിയാത്രയുടെ" പടം നോക്കുക. [8]3-ാം വാക്യത്തിൽ ലൂക്കൊസ് പറഞ്ഞു അവർ "സുറിയയിലേക്ക്" കപ്പൽ നീക്കി. ഫൊയ്നിക്യ നാട് റോമാ പ്രദേശമായ സുറിയയുടെ പ്രദേശമായിരുന്നു. [9]സോരിനെക്കുറിച്ചുള്ള മറ്റു പഴയ നിയമ വാക്യങ്ങൾക്ക്, യെശയ്യാവ് 23; യെഹസ്കേൽ 26-28; ആമോസ് 1:9, 10 എന്നീ പ്രവചനങ്ങൾ നോക്കുക. [10]പൗലൊസും ബർന്നബാസും സുറിയയിലെ അന്ത്യോക്യയിൽ നിന്നു ധർമ്മശേഖരം യെരുശലേമിലേക്കു കൊണ്ടുപോകുമ്പോൾ സോരിലെ ചില സഹോദരന്മാരെ അവർ കണ്ടിരിക്കാം (11:27-30; 12:25).

[11]ഇപ്പോൾ മുതൽ, പൗലൊസ് ഒരിക്കലും തിരക്ക് കൂട്ടിയിട്ടില്ല. ചിലപ്പോൾ നിങ്ങൾ തിരക്കുകൂട്ടി ആരെങ്കിലും കാണാൻ പോയപ്പോൾ ആണ് അറിയുന്നത് നിങ്ങൾ വളരെ നേരത്തെ എത്തിയതു ചിത്രീകരിക്കുക. [12]"ലുക്കിങ്ങ് അപ്പ്" എന്ന ഗ്രീക്ക് തർജ്ജിമ സൂചിപ്പിക്കുന്നത് താല്പര്യ പൂർവ്വമുള്ള അന്വേഷണമാണ്. സോർ പട്ടണം വലുതും, അവിടത്തെ ഇടവക ഒരുപക്ഷേ ചെറുതും ആയിരിക്കാം. [13]ഒരാഴ്ച്ച മുഴുവൻ അവർ സോരിൽ താമസിച്ചതുകൊണ്ട്, അവർ അവിടെ ഒരു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ഉണ്ടായിരുന്നു - അതുകൊണ്ട്, കർത്തൃമേശയും ആചരിച്ചിരിക്കും. "പ്രവർത്തികൾ, 4-ാം" ലക്കത്തിലെ "ഉറങ്ങുന്ന ശിഷ്യന്മാർ" എന്നതിന്റെ പ്രവർത്തികൾ 20:7 ന്റെ കുറിപ്പുകൾ നോക്കുക. [14]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ഉപദേഷ്ടാക്കന്മാർക്കും, മൂപ്പന്മാർക്കും,

മറ്റു പാപികൾക്കും ഉള്ള ഒരു പ്രസംഗം എന്നതിലെ" പ്രവൃത്തികൾ 20:22 ന്റേയും "ക്രിസ്ത്യാനിത്വം പണസഞ്ചിയെ തട്ടുമ്പോൾ" എന്നതിലെ പ്രവൃത്തികൾ 19:21 ന്റെ നോട്ടുകളും നോക്കുക. [15]വാക്യം 11 ലെ ആത്മാവിൽ നിന്നുള്ള ശരിയായ വാക്കുകൾ നോക്കുക. എന്തു സംഭവിക്കുമെന്നാണ് ആ വാക്കുകൾ മുന്നറിയിച്ചത് *അല്ലാതെ* പൗലൊസിനോട് യെരുശലേമിൽ പോകരുത് എന്ന് നിർദ്ദേശിച്ചില്ല. [16]ചിലപ്പോൾ മുൻപു പരിചയപ്പെട്ടിട്ടില്ലാത്ത ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ട് പല ദിവസം – അവരോടൊത്തു കഴിഞ്ഞിട്ടു പോകുമ്പോൾ കണ്ണുനീരോടെ വിട പറയുന്നതിനെ വിവരിക്കുക. [17]പ്രവൃത്തികളുടെ പുസ്തകത്തിൽ ഇടവകയുടെ പ്രവൃത്തികളെ പറയുമ്പോൾ ഇതാദ്യമായാണ് കുട്ടികളെപറ്റി പറയുന്നത്. [18]"പ്രവൃത്തികൾ, 4–ാം" ലക്കത്തിലെ "ഉപദേഷ്ടാക്കന്മാർക്കും, മൂപ്പന്മാർക്കും, മറ്റു പാപികൾക്കും ഉള്ള ഒരു പ്രസംഗം" എന്നതിലെ പ്രവർത്തികൾ 20:36 ന്റെ നോട്ടുകൾ നോക്കുക. [19]ഇതിനെ കടൽക്കരയിലെ "പ്രാർത്ഥനായോഗം" എന്നു വിളിച്ചിരുന്നു. [20]ചിലർ ഇവിടെ ഏകാന്തതയും – അന്തർലീനമായ എതിരും കാണുന്നുണ്ട്: "'ഞങ്ങൾ കപ്പലിൽ കയറുവാൻ പോയി' അപകടം സംഭവിക്കാനിരിക്കുന്നതിലേക്ക് പോയെങ്കിലും അവൻ സുരക്ഷിതമായി കരക്കെത്തി."

[21]"പ്രവർത്തികൾ 4–ാം" ലക്കത്തിലെ "പൗലൊസിന്റെ മൂന്നാം മിഷണറി യാത്രയുടെ" പടം നോക്കുക. [22]കെജെവിയിൽ "അക്കോ" എന്നാണ്. [23]ചിലർ, ഉപയോഗിച്ച വാക്കുകൾ കൊണ്ട് അനുമാനിക്കുന്നത് കപ്പൽ ഫൊയ്നീക്ക്യ വരെ മാത്രമേ പോയുള്ളു, പിന്നെ അവർ നടന്നാണ് പോയത് എന്നത്രെ. [24]പൗലൊസിന് ഈ സഹോദരന്മാരെ "അന്വേഷിക്കേണ്ട" ആവശ്യമില്ലായിരുന്നു. പൗലൊസിന്റേയും കൂട്ടരുടേയും യാത്രാ പരിപാടി വിവരം അവർ സോരിൽ ഒരാഴ്ച്ച താമസിച്ചപ്പോൾ പ്തൊലെമായിസിൽ എത്തിയിരിക്കും. "ദരിദ്രരെ ഓർത്തുകൊൾക" എന്നതിലെ പ്രവൃത്തികൾ 20:4ന്റെ നോട്ടുകൾ നോക്കുക. [25]"പ്രവൃത്തികൾ 4–ാം" ലക്കത്തിലെ "ദരിദ്രരെ ഓർത്തുകൊൾക" എന്നതിലെ പ്രവൃത്തികൾ 20:4 ന്റെ കുറിപ്പുകൾ നോക്കുക. [26]ആചാരങ്ങളും അതിഥി സൽക്കാരങ്ങളും ഓരോ സ്ഥലത്തും വ്യത്യസ്തമായിരിക്കും, അതാതു സ്ഥലത്തിനു യോജിക്കുന്നതു എടുക്കാം. ക്രിസ്ത്യാനികൾ തങ്ങളുടെ സഹക്രിസ്ത്യാനികളെ ഒന്നും അടിച്ചേല്പ്പി*ക്കരുത്* (സദൃശ വാക്യങ്ങൾ 25:17), എന്നാൽ ക്രിസ്ത്യാനികൾ അതിഥി പ്രിയരാ*യിരിക്കണം* (എബ്രായർ 13:2)! [27]"പ്രവർത്തികൾ, 4–ാം" *ലക്കത്തിലെ* "പൗലൊസിന്റെ മൂന്നാം മിഷണറി യാത്രയുടെ" പടം നോക്കുക. [28]"പ്രവർത്തികൾ, 4–ാം" ലക്കത്തിലെ "ദരിദ്രരെ ഓർത്തുകൊൾക" എന്നതിന്റെ പ്രവൃത്തികൾ 10:1 ന്റെ കുറിപ്പുകൾ നോക്കുക. [29]നമ്മുടെ വേദഭാഗത്ത് പറഞ്ഞിരിക്കുന്നതിനു പുറമെ (9:30; 18:22), പൗലൊസ് സുറിയയിലെ അന്ത്യൊക്യയിൽ നിന്നു യെരുശലേമിലേക്കും തിരിച്ചും യാത്ര ചെയ്തപ്പോൾ കൈസര്യ സന്ദർശിച്ചിരിക്കാം. [30]"ചില ദിവസങ്ങൾ" എന്നു ലൂക്കൊസ് പറഞ്ഞതു. ഉദ്ദേശം ആറുമുതൽ പത്തുവരെ ദിവസങ്ങൾ ആകാം.

[31]ചിലർ പ്രവൃത്തികൾ 6–ൽ പറയുന്ന ഏഴു പുരുഷന്മാർ "ആദ്യത്തെ ശുശ്രൂഷകന്മാരായിരുന്നു" എന്നു പറയുന്നുണ്ട്. ലൂക്കൊസ് അവരെ വെറും "ഏഴു പേർ" എന്നാണ് പറഞ്ഞത്. [32]ഞാൻ കുട്ടിയായിരുന്നപ്പോൾ "ദ ഇവാഞ്ചെലിസ്റ്റ്" എന്ന പദം ഉപയോഗിച്ചിരുന്നത് അവിടെയും ഇവിടെയും സഞ്ചരിച്ചു സുവിശേഷം പ്രസംഗിച്ചവരെയാണ് – ഒരു സ്ഥലത്ത് താമസിച്ച് സുവിശേഷം പ്രസം

ഗിച്ചിരുന്ന "ഉപദേഷ്ടാവ്" എന്നതിന് എതിരായിരുന്നു, ഇരുപതിൽ - അധികം വർഷങ്ങൾ, ഫിലിപ്പൊസ്, കൈസര്യ തന്റെ ഭവനമാക്കിയിരുന്നു, അപ്പോഴും അവനെ "ദ ഇവാഞ്ചെലിസ്റ്റ്" എന്നറിയപ്പെട്ടിരുന്നു. [33]വിശദമാക്കുന്ന പദങ്ങളായ "യോഹന്നാൻ സ്നാപകൻ"; "തോല്ക്കൊല്ലനായ ശിമോൻ"; എന്നിവ താരതമ്യം ചെയ്യുക. [34]മുഴുവൻ - സമയ സുവിശേഷം പ്രാസംഗികരെ "ഇവാഞ്ചെലിസ്റ്റ്" എന്നു വിളിക്കാനാണ് എനിക്കിഷ്ടം. എനിക്ക്, "പ്രീച്ചർ" "മിനിസ്റ്റർ" എന്നീ പദങ്ങളേക്കാൾ കൂടുതൽ തീർച്ചയുള്ളത് ആ വാക്കാണ്. [35]അവർ കന്യകമാരായിരുന്നു എന്ന് ലൂക്കൊസ് പറഞ്ഞതിൽ പ്രത്യേക വിശുദ്ധിയുടെ സൂചന നല്കുന്നില്ല, ഇവർ "ആദ്യം കന്യാസ്ത്രീകൾ" ആയിരു*ന്നില്ല*. [36]"പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ ശബ്ദസംഗ്രഹത്തിൽ "പ്രവാചകൻ" എന്ന വാക്ക് നോക്കുക. [37]1 തിമൊഥെയൊസ് 2:12 ഉം നോക്കുക. [38]പ്രത്യേക പ്രാധാന്യം ഉദ്ദേശിക്കാതെ ദൃക്സാക്ഷിയുടെ വിശദീകരണം ലൂക്കൊസ് വെറുതെ കുറിച്ചതാകാം. [39]പൗലൊസ് റോമിൽ എത്തിയതോടെ ലൂക്കൊസ് അവസാനിപ്പിക്കുമ്പോൾ, അവൻ പാലസ്തീനിൽ പൗലൊസ് തടവിലായിരുന്നപ്പോൾ ഒരു പക്ഷേ പൗലൊസിനോടൊപ്പം താമസിച്ചിരിക്കാം അങ്ങനെ അവൻ കൂടുതൽ സമയം കൈസര്യയിലോ അതിനടുത്തോ ചെലവഴിച്ചിരിക്കാം. [40]പഴയ നിയമ ഉദാഹരണങ്ങൾക്ക്, 1 രാജാക്കന്മാർ 11:29-31; 22:11; യെശയ്യാവ് 20:2-4; യിരെമ്യാവ് 13:1-11; 27:1-11; 28:1-17; യെഹെസ്ക്കേൽ 4; 5:1-4; സെഖര്യാവ് 11:7-14.

[41]കെജെവിയിൽ "അരക്കച്ച" എന്നത്. തോൽ ബൽറ്റോ അല്ലെങ്കിൽ അരക്കു ചുറ്റും "കെട്ടുവാൻ" ഉപയോഗിക്കുന്ന തുണിയോ ആകാം. അതു പുറമെയുള്ള വസ്ത്രം ശരീരവുമായി മുറുകുന്നതിനായിരുന്നു. [42]പൗലൊസ്, തീർച്ചയായും, യെരുശലേമിൽ മരിച്ചില്ല; എന്നാൽ അതാണ് കർത്താവിന്റെ ഇഷ്ടമെങ്കിൽ അവൻ അതിനു തയ്യാറായിരുന്നു. അതേ പ്രയോഗത്തിന്, എസ്തേർ 4:16 ലെ എസ്തേറിന്റെ വാക്കുകൾ നോക്കുക. [43]സ്നേഹിതന്മാരുടെ ആലോചനയോ ഉപദേശമോ ഒരിക്കലും കേൾക്കരുത് എന്നല്ല ഞാൻ പറഞ്ഞത് (സദൃശവാക്യങ്ങൾ 24:6), പ്രത്യേകിച്ച് ക്രിസ്തീയ സ്നേഹിതന്മാർ. മുൻപ്, അപകടകരമായ സാഹചര്യങ്ങൾ ഒഴിവാക്കുവാൻ ക്രിസ്തീയ സ്നേഹിതന്മാർ ഉപദേശിച്ചപ്പോൾ പലപ്പോഴും അവൻ കേട്ടിട്ടുണ്ട് (ഉദാഹരണം, 19:30, 31). ഈ സാഹചര്യത്തിൽ, എങ്ങനെയായാലും, പൗലൊസിന്റെ സ്നേഹിതന്മാർ ദൈവത്തെ അനുസരിക്കരുത് എന്നാണ് വ്യക്തമാക്കിയത്. *ദൈവം* നിങ്ങളിൽ ചെയ്യുവാൻ ആഗ്രഹിക്കുന്നത് നിഷേധിക്കുവാൻ, നിങ്ങളുടെ ഒരു സ്നേഹിതനെയും, അനുവദിക്കരുത്. [44]"പ്രവർത്തികൾ, 4-ാം" ലക്കത്തിലെ *നിങ്ങളുടെ സഹോദരങ്ങളെ എങ്ങനെ ശക്തിപ്പെടുത്താം* എന്നതിലെ പ്രവൃത്തികൾ 18:21 ന്റെ നോട്ടുകൾ നോക്കുക. [45]ഒരാൾ തുടങ്ങി വെച്ച കാര്യം പൂർത്തിയാക്കാൻ മറ്റൊരാളോടു പറയുന്നതു അവസരം വ്യക്തിപരമായി ചിത്രീകരിക്കുക - ഫലം അപകടകരമായിരിക്കും. പൊതുവിൽ, "പൂർത്തിയാക്കാൻ" പറയുന്നവർ ആദ്യം തുടങ്ങിയ ആൾ ചെയ്തതു പോലെയായിരിക്കില്ല ചെയ്യുന്നത്. [46]പൗലൊസും ബർന്നബാസും ആദ്യത്തെ മിഷണറിയാത്ര തുടങ്ങിയതു കുപ്രൊസ് ദ്വീപിൽ നിന്നാണ്. മ്നാസോൻ സ്പഷ്ടമായും ഒരു യവനഭാഷക്കാരനായ യെഹൂദനായതുകൊണ്ട് ഒരു പാലസ്തീൻകാരനായ യെഹൂദൻ ചെയ്യുന്നതിനേക്കാൾ പൗലൊസിനെയും ജാതികളെയും അവന്റെ വീട്ടിലേക്ക് ക്ഷണിക്കുമായിരുന്നു. [47]ഇവിടെ മാത്രമാണ് നാം മ്നാസോനെക്കുറിച്ചു വായിക്കുന്നത്. അവൻ ഒരു "പഴയ

ശിഷ്യൻ" എന്നു ലൂക്കൊസ് പറയാൻ കാരണം യെരുശലേം സഭയുടെ ആരംഭ അംഗങ്ങളിൽ ആ പട്ടണത്തിൽ വീടുള്ള ആളായതുകൊണ്ടാകാം – അല്ലെങ്കിൽ അവൻ ആയിരിക്കാം ലൂക്കൊസിന്റെ രണ്ടു ചരിത്രങ്ങളുടേയും ഉറവിടം (ലൂക്കൊസ് 1:3) – അല്ലെങ്കിൽ അതിനു വലിയ പ്രാധാന്യം ഇല്ലായിരിക്കാം. [48]ഒരു പക്ഷേ ഈ ഏർപ്പാട് "ചില ദിവസങ്ങൾ" പൗലൊസും കൂട്ടരും കൈസര്യയിൽ ചെലവഴിച്ചപ്പോൾ ഉണ്ടാക്കിയതാകാം (വാക്യം 10). വാക്യം 16–ൽ ചില വേദഭാഗപ്രയാസം നേരിടുന്നുണ്ട്. മ്നാസോൻ കൈസര്യയിൽ നിന്നു യെരുശലേമിൽ വരികയും പിന്നെ ആ സംഘത്തോടൊപ്പം യെരുശലേമിലേക്കു പോകയും ചെയ്തു എന്നു ചില കയ്യെഴുത്തു പ്രതികൾ അന്തർലീനമാക്കുന്നു (കെ.ജെ.വി); ചില കയ്യെഴുത്തു പ്രതികൾ പറയുന്നത് ഈ യാത്രക്കാർ യെരുശലേമിലേക്കുള്ള പകുതി വഴിയിൽ ഒരു രാത്രി മ്നാസോനോടൊപ്പം താമസിച്ചു എന്നാണ്. ഈ വ്യത്യാസം സംഭവത്തിന്റെ പ്രാധാന്യത്തെ ബാധിക്കുന്നില്ല. [49]ജാതികൾ പെരുന്നാളിനു വന്നിരിക്കുന്ന വിവരം കേൾക്കാതിരിക്കാനിടയില്ല (യോഹന്നാൻ 12:20). ദൈവാലയത്തിന്റെ പുറത്തുള്ള വലിയ പ്രാകാരത്തെ വിളിച്ചിരുന്നത് "ജാതികളുടെ പ്രാകാരം" എന്നായിരുന്നു. എങ്കിലും, ജാതിയിൽപ്പെട്ടവൻ "ദൈവ-ഭക്തിയുള്ളവൻ," അല്ലെങ്കിൽ അവൻ യെഹൂദമതാനുസാരിയാകുമ്പോൾ, അവനെ യെരുശലേമിൽ സംശയിക്കും. [50]പൗലൊസിന്റെ പെങ്ങളുടെ മകനെപ്പറ്റി പിന്നീട് പറയുന്നതുകൊണ്ട് (23:16), ചിലർ വിചാരിക്കുന്നു പൗലൊസിന്റെ പെങ്ങൾക്ക് യെരുശലേമിൽ ഒരു വീട് ഉണ്ടായിരുന്നുവെന്നും പൗലൊസിനു അവളോടൊപ്പം താമസിക്കാൻ കഴിഞ്ഞിരുന്നു എന്നുമാണ്. ഇതിൽ ഏതായിരുന്നു വാസ്തവം, എന്ന് നമുക്ക് അറിയില്ല.

[51]ലൂക്കൊസ് 9:53; 13:33; 18:31; 19:11, 28 കൂടെ നോക്കുക.

---

**ഗ്രന്ഥകാരന്റെ ഒരു കുറിപ്പ്**

അടുത്ത സമയത്ത്, ഒരു ധനിക ഭവനത്തിലെ, പുത്രനായിരുന്ന ബിൽ ബോർഡനെക്കുറിച്ചു വായിക്കയുണ്ടായി. അയാൾ ചൈനയിലേക്ക് ഒരു മിഷണറിയായി പോകുവാൻ ആഗ്രഹിച്ചപ്പോൾ, അവന്റെ സ്നേഹിതന്മാർ വിചാരിച്ചു അവന് വട്ടാണെന്ന്. അയാൾ ചൈനയിലേക്കുള്ള വഴിയിൽ രോഗബാധിതനായി മരിച്ചു, അപ്പോൾ ആളുകൾ വിചാരിച്ചത് അയാൾ തന്റെ ജീവിതം ഒന്നുമല്ലാതാക്കി കളഞ്ഞു എന്ന്. എങ്ങനെയായാലും, അവന്റെ ബെഡ് സൈഡിൽ, അവർ ഈ കുറിപ്പ് കണ്ടു: "സംവരണമില്ല, പിൻവാങ്ങൽ ഇല്ല, ദു:ഖങ്ങളുമില്ല."

ആ ഉറ്റബന്ധം പൗലൊസ് മനസ്സിലാക്കി. ഈ ലക്കത്തിൽ, അപ്പൊസ്തലനെ തടവിലാക്കുന്നതും, മോശമായി പെരുമാറുന്നതും, താൻ പ്രിയപ്പെട്ട പ്രവൃത്തിയിൽ അധികവും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും; അവൻ വിട്ടു കളഞ്ഞില്ല എന്നു നാം കാണും. സാഹചര്യം എന്തായാലും, അവൻ കർത്താവിൽ സമർപ്പിക്കപ്പെട്ടു കഴിഞ്ഞു.

നാം ഈ ലക്കത്തിലും അടുത്തതിലും പ്രവൃത്തികളുടെ പുസ്തകം അവസാന ഭാഗത്ത് (21–28) വളരെയധികം ത്യജിക്കപ്പെട്ടതായി നമുക്കു കാണാം. ഈ അദ്ധ്യായങ്ങളെകുറിച്ചു കുറച്ചു പ്രസംഗങ്ങൾ മാത്രമെ പ്രസംഗിച്ചിട്ടുള്ളു. പ്രവൃത്തികളുടെ പുസ്തകത്തെക്കുറിച്ചു ഒരു ക്രിസ്തീയ യൂണിവേഴ്സിറ്റിയിൽ വെളിപ്പെടുത്തുന്ന പ്രസംഗങ്ങൾ അവ

തരിപ്പിച്ചപ്പോൾ, 23-ാം അദ്ധ്യായം കടന്നുപോയില്ല. എങ്ങനെയായാലും, ഞാൻ പറയുന്നത്, പല രീതിയിലും പ്രവൃത്തികളുടെ പുസ്തകത്തിലെ ഈ ഭാഗം പ്രധാനപ്പെട്ടതുതന്നെ. ഈ സമയത്തിനു മുൻപ്, പൗലൊസിനും കൂട്ടർക്കും ആവേശവും ഉന്മാദവും ഉണർത്തുന്ന പ്രവൃ ത്തികൾ എത്തിക്കാമായിരുന്നു. ഒരു ക്രിസ്ത്യാനിയുടെ വാസ്തവത്തിലുള്ള പരീക്ഷണം, ആവേശം തണുത്തു സാഹചര്യം മന്ദീഭവിക്കുമ്പോഴാണ്. ഈ സാഹചര്യത്തിൽ പൗലൊസ് നില്ക്കുന്നത് "അങ്ങനെ വിട്ടുകളയുകയില്ല എന്ന നിലയിൽ നില്കുന്നവനായിട്ടാണ്." "സംവരണമില്ല, പിൻവാങ്ങൽ ഇല്ല, ദു:ഖങ്ങളുമില്ല."

ഈ അവസാന അദ്ധ്യായങ്ങളിൽ നിന്നു നാം എല്ലാം പഠിക്കേണ്ട പാഠം കർത്താവിൽ "വിശ്വസ്തനായിരിക്കു" - എന്തു സംഭവിച്ചാലും (വെളിപ്പാട് 2:10).

ഡേവിഡ് റോപ്പർ, T/T സഹപ്രസാധകർ